# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. ടി 2410 | 11-10-2011 - ൽ മറുപടിക്ക് |

**അംഗീകാരം ലഭിക്കാത്ത വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കന്ററി നടത്തുന്ന കോഴ്സുകളിൽ അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ ഏതെല്ലാമാണ്; | (എ) | ഏതു സ്ഥാപനം നടത്തുന്ന കോഴ്സുകളായാലും പി.എസ്.സി നേരിട്ട് അംഗീകാരം നൽകാറില്ല. എന്നാൽ വിവിധ തസ്തിക കളിലേയ്ക്കുള്ള യോഗ്യതയായി കോഴ്സുകൾ വിജ്ഞാപനം ചെയ്യപ്പെടുമ്പോൾ അവ പി.എസ്.സി അംഗീകരിച്ചു എന്ന് പൊതുവായി വിവക്ഷിക്കപ്പെടുന്നു. ഈ രീതിയിൽ പരിശോധിച്ചാൽ വി.എച്ച്.എസ്.ഇ വകുപ്പിൽ ലാബ്ടെക്നിക്കൽ തസ്തികയിലേക്ക് ഈ വകുപ്പ് നടത്തുന്ന 42 കോഴ്സുകൾ പാസ്സായവരേയും പരിഗണിക്കുന്നുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലെ വിവിധ തസ്തികകളിലേക്ക് 30 വി.എച്ച്.എസ്.ഇ കോഴ്സുകളെയും പരിഗണിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ബന്ധപ്പെട്ട വകുപ്പുകളുടെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കോഴ്സുകൾ യോഗ്യതയായി അംഗീകരിച്ച് ബന്ധപ്പെട്ട വകുപ്പുകൾ, ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനും കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ